**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - ഐ.എച്ച്.ആർ.ഡി, എൽ.ബി.എസ് എന്നീ സ്ഥാപനങ്ങളിലെ കെ.പി.സി.ആർ. വിദ്യാഭ്യാസ ആനുകൂല്യം ടി സ്ഥാപനങ്ങളിലെ എയ്ഡഡ് കോഴ്സുകളിൽ മെരിറ്റിലും സംവരണത്തിലും പ്രവേശനം ലഭിക്കുന്നവർക്ക് മാത്രമാണ് ലഭ്യമാവുകയെന്ന് വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ. ഉ. (കൈ) നം. 11/2020/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 24.08.2020.

================================================================

പരാമർശം:
1. സ.ഉ.(കൈ)നം. 12/2017/പി.വി.വി.വ, തീയതി 11.07.2017.
2. സ.ഉ.(കൈ)നം. 12/2019/പി.വി.വി.വ, തീയതി 02.07.2019.
3. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 28.06.2020 -ലെ ബി.സി.ഡി.ഐ.ആർ/611/2019-ബി2 നമ്പർ കത്ത്.

**ഉത്തരവ്**

ഐ.എച്ച്.ആർ.ഡി -യുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലും എൽ.ബി.എസ്. അനുബന്ധ സ്ഥാപനങ്ങളിലും പഠിക്കുന്ന ഒ.ബി.സി. വിദ്യാർത്ഥികൾക്കും, കെ.പി.സി.ആർ. വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്ന ഇതര സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും 1 ലക്ഷം രൂപ വാർഷിക വരുമാന പരിധിയ്ക്ക് വിധേയമായി കെ.പി.സി.ആർ. വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ച് കൊണ്ട് പരാമർശം യഥാക്രമം 1, 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. കെ.പി.സി.ആർ. വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കേണ്ടത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ നടത്തപ്പെടുന്ന എല്ലാ എയ്ഡഡ് കോഴ്സുകളിലും, സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലും, സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ് / എയ്ഡഡ് കോളേജുകളിലും നടത്തപ്പെടുന്ന എല്ലാ എയ്ഡഡ് കോഴ്സുകളിലും പഠിക്കുന്ന എസ്.ഇ.ബി.സി, എഫ്.സി. വിഭാഗം വിദ്യാർത്ഥികൾക്കാണ്. എന്നാൽ എയ്ഡഡ് സ്ഥാപനമാണെങ്കിലും ഐ.എച്ച്.ആർ.ഡി/എൽ.ബി.എസ് തുടങ്ങിയ സ്ഥാപനങ്ങളിൽ സ്വാശ്രയ കോഴ്സുകളും നടത്തി വരുന്നതായും, ഐ.എച്ച്.ആർ.ഡി കോളേജുകളിൽ മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നൽകുന്നതായും പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ അറിയിക്കുകയും ഇക്കാര്യത്തിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു

(.....2)

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഐ.എച്ച്.ആർ.ഡി, എൽ.ബി.എസ് -ന്റെ കോളേജുകളിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും എയ്ഡഡ് കോഴ്സുക ളിൽ മെരിറ്റിലും സംവരണത്തിലും പ്രവേശനം ലഭിക്കുന്നവർക്ക് മാത്രമാണ് കെ.പി.സി.ആർ. ആനുകൂല്യം ലഭ്യമാവുകയെന്ന് വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

4. പരാമർശം 1, 2 ഉത്തരവുകൾ ഇപ്രകാരം ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി.എൻ**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് (IHRD), തിരുവനന്തപുരം
ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
ഉന്നത വിദ്യാഭ്യാസ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ